പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3218 21.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ നിലവിലെ സാമ്പത്തിക സ്ഥിതി എപ്രകാരമാണ്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിമാസ വരുമാനം 160 കോടി രൂപയും, ശരാശരി ചെലവ് 310 കോടി രൂപയുമാണ്. പ്രതിമാസം ശമ്പളവും, വേതനവും വിതരണം ചെയ്യുന്നതിനായി 86 കോടി രൂപയും, ഡീസൽ ചെലവ് ഇനത്തിൽ 90 കോടി രൂപയും, വായ്പ തിരിച്ചടവിന് 87 കോടി രൂപയും ആവശ്യമാണ്. പ്രതിമാസ വരുമാനത്തിൽ നിന്നും ടി ചെലവുകൾക്ക പോലുമുള്ള തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണ് കെ.എസ്.ആർ.ടി.യ്ക്ക് ഉള്ളത്. |
| (ബി) | നിലവിലുള്ള പ്രതിമാസ വരവും ചെലവും എത്രയാണ്; | (ബി) | വരവ് 160 കോടി രൂപയും, ചെലവ് - 310 കോടി രൂപയുമാണ്. |
| (സി) | ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തിയതിനുശേഷം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | ഡ്യൂട്ടി പാറ്റേൺ ഏകീകരണം പൂർത്തിയായിട്ടില്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിലുള്ള വർദ്ധനവ് തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ